പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7367 17/07/2012-ൽ മറുപടിക്ക്

## പുരാവസ്തു സംരക്ഷണത്തിനായി പൈതൃക സംരക്ഷണ നിയമം

ചോദ്യം

ശ്രീ. എൻ. ഷംസുദ്ദീൻ

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തു സംരക്ഷണത്തിനായി പൈതൃക സംരക്ഷണ നിയമം നിലവിലുണ്ടോ; | (എ) | കേരളത്തിലെ പുരാവസ്തു സംരക്ഷണത്തിനായി 1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം (Kerala Ancient Monuments and Archaeological sites and Remains Act 1968) നിലവിലുണ്ട്. ഇതനുസരിച്ച് 1972 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങളും (Kerala Ancient Monuments and Archaeological sites and Remains Rules 1972) നിലവിൽ വന്നിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമം നിലവിലുണ്ടെങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനം എന്തൊക്കെയാണ് എന്നു വ്യക്തമാക്കുമോ? | (ബി) | ദേശീയപ്രാധാന്യമുള്ളവയല്ലാത്ത പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനും പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും ശില്പവേലകൾ, കൊത്തുപണികൾ, അവയെപ്പോലുള്ള മറ്റ് വസ്തുക്കൾ എന്നിവ കാത്തുസൂക്ഷിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുമുള്ള നിയമവും അതനുസരിച്ചുള്ള ചട്ടങ്ങളുമാണിവ. പ്രസ്തുത ഉദ്ദേശലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഈ നിയമവും ചട്ടങ്ങളും പ്രയോജനപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.